(ബി) ട്രഷറി റെക്കൺസിലിയേഷൻ കൃത്യമായി നടക്കാത്തതിനാലാണ് കൂടുതൽ കേസുകളിലും തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത്. ട്രഷറി റെക്കൺസിലിയേഷൻ കൃത്യമായി നടത്തുന്നതിന് എല്ലാ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ആഫീസർമാർക്കും ട്രഷറി ആഫീസർമാർക്കും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലതാമസം നേരിട്ടുന്ന കേസുകളിൽ ബന്ധപ്പെട്ട ആഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തിയും എത്രയുംവേഗം തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശവും ബന്ധപ്പെട്ടവർക്ക് നൽകിവരുന്നുണ്ട്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) കുടിശ്ശികയായി കിടക്കുന്ന എഫ്.ബി.എസ്. ക്ളോഷർ അപേക്ഷകളിൽമേൽ ഉടനടി തീർപ്പ് കൽപ്പിച്ച് തുക കഴിവതും വേഗം നൽകുന്നതിന് ആവശ്യമായ കർശന നിർദ്ദേശം വീണ്ടും ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

പാലസ് പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ

15 (2728) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-8-1987 ലെ 39783/പെൻ-ബി1/87/ ഫിൻ നമ്പർ കത്തു പ്രകാരം "തിരുവിതാംകൂറിലേയും കൊച്ചിയിലേയും" പാലസുകളിൽ നിന്നും പെൻഷൻ പറ്റിയവരെ പെൻഷൻ ആനുകൂല്യങ്ങളുടെ കാര്യത്തിൽ ടി.എസ്.ആർ/ സി.എസ്.ആർ. പെൻഷൻകാരോട് തുല്യരായി കണക്കാക്കണമെന്ന് ധനകാര്യ വകുപ്പ് അക്കൗണ്ടന്റ് ജനറലിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം പിന്നീട് നടപ്പിലാക്കിയ എല്ലാ പെൻഷൻ പരിഷ്ക്കാരങ്ങളുടേയും ആനുകൂല്യങ്ങൾ പാലസ് പെൻഷൻകാർക്ക് നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത കത്തിലടങ്ങിയ സർക്കാരിന്റെ തീരുമാനം ഇതുവരെ മാറ്റിയിട്ടില്ലാത്ത സ്ഥിതിയ്ക്ക് പ്രസ്തുത തീരുമാനം ഇപ്പോഴും പ്രാബല്യത്തിൽ നിൽക്കുന്നുണ്ടോ എന്നും അതനുസരിച്ചുള്ള ആനുകൂല്യങ്ങൾക്ക് പെൻഷൻകാർ അർഹരാണോ എന്നും വ്യക്തമാണോ ;

(ഡി) എങ്കിൽ 1998-ൽ നടപ്പിലാക്കിയ ജി.ഒ.പി. നം. 3080/98/ഫിൻ എന്ന സർക്കാർ ജീവനക്കാരുടെ പേറിവിഷനോടൊപ്പമുള്ള പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾക്കും പാലസ് പെൻഷൻകാർ അർഹരാണോ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) 1998-ലെ പേറിവിഷൻ ഉത്തരവിൽ പാലസ് പെൻഷൻകാരുടെ കാര്യം പരാമർശിച്ചിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പാലസ് പെൻഷൻകാർക്ക് നിഷേധിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതര സബ്ട്രഷറികളിലെ ട്രഷറി ഓഫീസർമാർ പാലസ് പെൻഷൻകാർക്ക് 1998-ലെ പ്രസ്തുത ഉത്തരവ് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകിയപ്പോൾ തൃപ്പൂണിത്തുറ സബ്ട്രഷറി ഓഫീസർ മാത്രം 1998-ലെ ഉത്തരവിൽ പാലസ് പെൻഷൻകാർക്ക് പെൻഷൻ റിവിഷൻ അനുവദിച്ചിട്ടില്ലെന്നും ഇതിന് അക്കൗണ്ടന്റ് ജനറലിന്റെ ക്ലാരിഫിക്കേഷൻ ആവശ്യമാണെന്നുമുള്ള സമീപനം സ്വീകരിച്ചതിന്റെ കാരണം അന്വേഷിക്കുമോ ;

(ജി) തൃപ്പൂണിത്തുറയിലെ ഏതാനും പാലസ് പെൻഷൻകാരുടെ ഒരു പെറ്റീഷൻ സ്ഥലം എം.എൽ.എ. യുടെ കത്തോടുകൂടി ധനകാര്യവകുപ്പിന് നൽകിയിട്ട് ഒരു വർഷത്തിലധികമായിട്ടും ഇക്കാര്യത്തിൽ ഒരു തീരുമാനമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പാലസ് പെൻഷൻകാർക്ക് നീതി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രാബല്യത്തിലുണ്ട്. അർഹരാണ്.

(ഡി) അർഹരാണ്.

(ഇ) തൃപ്പൂണിത്തുറ സബ്ട്രഷറി ഓഫീസർ ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശം ആവശ്യമാണെന്ന് നിഷ്കർഷിച്ചതുകാരണം പരിഷ്കരിച്ച പെൻഷനാനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അക്കൗണ്ടന്റ് ജനറൽ തന്നെ ട്രഷറി ആഫീസർക്ക് വേണ്ട നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്.

(എഫ്) ഇതര സബ്ട്രഷറി ഓഫീസർമാർ പാലസ് പെൻഷൻകാർക്ക് നടപ്പിലാക്കിയ 1998-ലെ പേറിവിഷൻ തൃപ്പൂണിത്തുറ സബ്ട്രഷറിയുടെ കീഴിൽ വരുന്നവർക്കും ബാധകമാക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ പിന്നീട് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ സ്ബ്ട്രഷറി ഓഫീസർ ഒരു സംശയ നിവർത്തി വരുത്തിയതായേ കണക്കാക്കേണ്ടതുള്ളൂ.

(ജി) സ്ഥലം എം.എൽ.എ യ്ക്ക് നം. 64249/ പെൻ. ബി1/99/ധന തീയതി 11-3-2000 ആയി മറുപടി അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറലുമായി കത്തിടപാടുകൾ നടത്തേണ്ടി വന്നതുമൂലമുള്ള കാലവിളംബമേ ഉണ്ടായിട്ടുള്ളൂ.

(എച്ച്) പാലസ് പെൻഷൻകാർക്ക് പരിഷ്കരിച്ച പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly